Quotation Notice

വിഷയം:- കേരള മീഡിയ അക്കാദമി ലൈബ്രറിയിലേക്ക് ജേർണലിസം, ജനറൽ (ഇംഗ്ലീഷ്, മലയാളം) പുസ്തകങ്ങൾ വാങ്ങുന്നതിന് മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കുന്നു.
സൂചന:- 1. 10.3.16ലെ റിസർച്ച് & ഡോക്യുമെന്റേഷൻ സമിതി തീരുമാനം.
2. 10.3.16ലെ എക്സിക്യൂട്ടീവ് ബോർഡ് യോഗതീരുമാനം.
——————————————————————————————

നം.157/ഇ/16/കെ.എം.എ. തീയതി:11.3.2016
——————————————————————————————

കേരള മീഡിയ അക്കാദമി ലൈബ്രറിയിലേക്ക് സൂചന പ്രകാരം അംഗീകരിച്ച പട്ടിക പ്രകാരം ജേർണലിസം, ജനറൽ (ഇംഗ്ലീഷ്, മലയാളം) പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷനിൽ ഡിസ്കൗണ്ട് ശതമാനം പ്രത്യേകം പ്രത്യേകമായി (ഇംഗ്ലീഷ്, മലയാളം, ജേർണലിസം സബ്ജക്ട്) രേഖപ്പെടുത്തണം. പ്രസാധകർ സമർപ്പിക്കുന്ന ക്വട്ടേഷനുകളിൽ മറ്റു പ്രസാധകരുടെ പുസ്തകങ്ങൾ നൽകുമോ എന്നും വ്യക്തമാക്കേണ്ടതാണ്. വിദേശ ബുക്കുകളിൽ പ്രസാധകരുടെ പ്രൈസ് പ്രൂഫ്, ജി.ഒ.സി. പ്രകാരമുള്ള കവേർഷൻ നിരക്ക് എന്നിവ നൽകണം. അക്കാദമിക്കു നൽകുന്ന പുസ്തകങ്ങൾ ലേറ്റസ്റ്റ് എഡിഷനിലുള്ളവയായിരിക്കണം. ലഭിക്കുന്ന ക്വേട്ടഷനുകളിൽ ഒരെണ്ണമോ മുഴുവനുമോ കാരണം കൂടാതെ നിരസിക്കാൻ കേരള മീഡിയ അക്കാദമി സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും.
മുദ്രവച്ച കവറിലുള്ള ക്വേട്ടഷനുകൾ 2016 മാർച്ച് 19ന് പകൽ 3 മണിക്കകം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി – 30 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. അന്ന് പകൽ 4 മണിക്ക്, ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കും. ക്വട്ടേഷൻ അയയ്ക്കുന്ന കവറിനുപുറത്ത് 'പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ' എന്നു രേഖപ്പെടുത്തണം.

ഒപ്പ്/-
സെക്രട്ടറി